## ഹൃദയപൂർവ്വം ഒരു മത്സരം



മലയാള സിനിമയ്ക്ക് പുത്തൻ ദൃശ്യ വിസ്മയം സമ്മാനിച്ച സിനിമയാണ് ലോക. ചിത്രത്തിൽ ചന്ദ്രയായി കല്യാണി പ്രിയദർശൻ നിറഞ്ഞാടി. കള്ളിയങ്കാട്ട് നീലി ആയിട്ടുള്ള കല്യാണിയുടെ ഭാവ പ്പകർച്ച പ്രേക്ഷകരെ ഞെട്ടിച്ചു. പുതിയ കാലത്തെ ഒരു ഫാന്റസിയെ നയിക്കാൻ കെൽപ്പുള്ള നടിയാണ് കല്യാണി എന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. പഴയ പുരാവൃത്തങ്ങളെ പുതിയ കാലത്തിന്റെ ഭാവുകങ്ങളുമായി സമന്വയിപ്പിച്ച് അവതരിപ്പിക്കാൻ മഹാപ്രതിഭകൾക്കേ കഴിയൂ. സംവിധായകൻ ഡൊമിനിക് അരുൺ സ്വപ്നം കണ്ട ലോകം യാഥാർത്ഥ്യമായി എന്ന കാര്യത്തിൽ സംശയമില്ല.

# എമ്പുരാനെ
# തകർത്ത്
# കള്ളിയങ്കാട്ട് നീലി

എമ്പുരാൻ, തുടരും എന്നീ ചിത്രങ്ങളിലൂടെ 200 കോടി ക്ലബ്ബിൽ കയറി മോഹൻലാൽ സൃഷ്ടിച്ച റെക്കോർഡ് ലോക എന്ന ചിത്രത്തിലൂടെ കല്യാണി പ്രിയദർശൻ തകർത്തിരിക്കുന്നു. തികച്ചും ഹൃദയപൂർവ്വമായ ഒരു മത്സരമാണിത്. ലോകയിൽ കസറിയത് കഥയോ കല്യാണിയോ? കള്ളിയങ്കാട്ട് നീലിയായ കല്യാണി യക്ഷി കഥകൾക്ക് പുതിയ പരിവേഷം നൽകി സൂപ്പർ വുമൺ ആയി മാറിയിരിക്കുന്നു.

മലയാള സിനിമയിൽ സമീപകാലത്ത് മോഹൻലാൽ നടത്തിയ മുന്നേറ്റത്തിന് സമാനതകൾ ഇല്ല. 200 കോടി ക്ലബ്ബിൽ കയറിയ നാല് മലയാള ചിത്രങ്ങളിൽ രണ്ടും അദ്ദേഹത്തിന്റേതായിരുന്നു -എമ്പുരാൻ, തുടരും എന്നിവ ഓണം റിലീസായി വന്ന മോഹൻലാൽ ചിത്രം ഹൃദയപൂർവ്വം വമ്പൻ ഹിറ്റുമായി. സിനിമയിലെ ഈ കുതിപ്പിനൊപ്പം ഇന്ത്യൻ സിനിമയിലെ സർവ്വോന്നത പുരസ്കാരമായ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം കൂടി ലഭിച്ചതോടെ പിടിച്ചു കെട്ടാൻ പറ്റാത്ത യാഗാശ്വമായി അദ്ദേഹം മാറി. എന്നാൽ ഈ യാഗാശ്വത്തെ പിടിച്ചു കെട്ടാൻ കഴിഞ്ഞില്ലെങ്കിലും ഒന്ന് തടഞ്ഞു നിർത്താൻ എങ്കിലും കഴിഞ്ഞത് ലോക എന്ന സിനിമയിലൂടെ സൂപ്പർ വുമൺ പദവിയിലെത്തിയ കല്യാണി പ്രിയദർശനാണ്. എമ്പുരാനിലൂടെയും തുടരുമിലൂടെയും മോഹൻലാൽ സൃഷ്ടിച്ച റെക്കോർഡ് തകർക്കാൻ ലോക യിലൂടെ കല്യാണിക്ക് കഴിഞ്ഞു. ഏറ്റവും കൂടുതൽ ടിക്കറ്റുകൾ വിറ്റഴിഞ്ഞ മലയാള ചിത്രവും ലോകയാണ്. 19 ദിവസം കൊണ്ട് 4.56 ദശലക്ഷം ടിക്കറ്റുകൾ. തുടരും 4.52 ദശലക്ഷം ടിക്കറ്റുകൾ.

ദുൽഖർ സൽമാന്റെ വേഫെറർ ഫിലിംസ് നിർമ്മിച്ച ഏഴാമത്തെ ചിത്രമാണ് ലോക. പ്ലാൻ ഇന്ത്യൻ ഹിറ്റായി മാറിയ ചിത്രം മലയാളത്തിന് പുറമേ തമിഴ് കന്നട, തെലുങ്ക്, ഹിന്ദി ഭാഷകളിലും വൻ ഹിറ്റായി മാറി.  വിദേശ മാർക്കറ്റിലും മഹാവിജയമാണ് ചിത്രം നേടിയെടുത്തത്.

മലയാള സിനിമയ്ക്ക് പുത്തൻ ദൃശ്യവിസ്മയം സമ്മാനിച്ച സിനിമയാണ് ലോക.  ചിത്രത്തിൽ ചന്ദ്രയായി കല്യാണി പ്രിയദർശൻ നിറഞ്ഞാടി. കള്ളിയങ്കാട്ട് നീലി ആയിട്ടുള്ള കല്യാണിയുടെ ഭാവപ്പകർച്ച പ്രേക്ഷകരെ ഞെട്ടിച്ചു. പുതിയ കാലത്തെ ഒരു ഫാന്റസിയെ നയിക്കാൻ കെൽപ്പുള്ള നടിയാണ് കല്യാണി എന്ന് ഒരിക്കൽ കൂടി തെളിയിക്കപ്പെട്ടിരിക്കുന്നു. പഴയ പുരാവൃത്തങ്ങളെ പുതിയ കാലത്തിന്റെ ഭാവുകങ്ങളുമായി സമന്വയിപ്പിച്ച് അവതരിപ്പിക്കാൻ മഹാപ്രതിഭകൾക്കേ കഴിയൂ. സംവിധായകൻ ഡൊമിനിക് അരുൺ

സ്വപ്നം കണ്ട ലോകം യാഥാർത്ഥ്യമായി എന്ന കാര്യത്തിൽ സംശയമില്ല.

ഒരു ഹോളിവുഡ് ചിത്രം കാണുന്നതുപോലെ കണ്ടിരിക്കാവുന്ന ചിത്രമാണ് ലോക. മണ്ണിന്റെ മണമുള്ള കഥാപാത്രങ്ങൾ ചേരുമ്പോൾ സ്വാഭാവികമായും ആസ്വാദ്യത കൂടുമല്ലോ. അപ്പോഴും ഒരു സംശയം അവശേഷിക്കുന്നു. കസറിയത് കഥയോ അതോ കല്യാണിയോ? സിനിമ തീരുന്നതുവരെ ഒരു അത്ഭുതലോകത്താണ് പ്രേക്ഷകർ.

ലോകയിൽ ദുൽഖർ അവതരിപ്പിക്കുന്ന ചാർളിയും ടോവിനോ തോമസ് അവതരിപ്പിക്കുന്ന ചാത്തനും ശ്രദ്ധേയമാണ്. നസ് ലിൻ, സാൻഡി എന്നിവരുടെ പ്രകടനവും മികച്ചതായി. ചന്തു സലിംകുമാർ, അരുൺകുര്യൻ, ശരത് സഭ, വിജയരാഘവൻ, നിഷാന്ത് സാഗർ എന്നിവരും താരനിരയിലുണ്ട്. സുഹൃത്തായ രൂപ എന്ന പെൺകുട്ടിയെ അവതരിപ്പിക്കുന്നത് സംവിധായകൻ ശ്യാമപ്രസാദിന്റെ മകൾ ശിവകാമിയാണ്. മലയാളത്തിൽ നിന്നും 200 കോടി ക്ലബ്ബിൽ ഇടം നേടിയ നാലാമത്തെചിത്രമാണ് ലോക പരമ്പരയിലെ ആദ്യ സിനിമയായ ലോക ചാപ്റ്റർ! ചന്ദ്ര, പെൺ സൂപ്പർഹീറോയുടെ കഥ പറയുന്ന സിനിമ സ്ത്രീ കേന്ദ്രീകൃതമായ പ്രമേയത്തിലൂടെ സമാനതകളില്ലാത്ത വിജയത്തിലേയ്ക്ക് കുതിക്കുകയാണ്. നായകൻമാരുടെ കഥയോളം കളക്ഷൻ നേടാൻ നായികമാരുടെ കഥകൾക്കാവില്ലെന്ന പഴഞ്ചൻ വാദഗതിയെ കാറ്റിൽ പറത്തുന്ന സിനിമകളിൽ ഏറ്റവും ഒടുവിലത്തേതാണ് ലോക.

സ്ത്രീ എന്നാൽ കേവലം അമ്മയോ സഹോദരിയോ കാമുകിയോ സുഹൃത്തോ മാത്രമല്ല. ലോകത്തെ കിടുകിടാ വിറപ്പിക്കാൻ കെൽപ്പുള്ള മഹാ പ്രതിഭാസം കൂടിയാണെന്ന് ലോക തെളിയിക്കുന്നു. നാളിതുവരെ പറഞ്ഞുകേട്ടിട്ടുള്ള യക്ഷികഥകൾക്ക് പുതിയ പരിവേഷം നല്കുകയാണ് കല്യാണി പ്രിയദർശൻ. അടിച്ചമർത്തപ്പെട്ടവരുടെ ശബ്ദമായി മാറുന്ന നീലി ബോക്സ് ഓഫീസ് തകർത്ത് മുന്നേറുന്നു. ബോക്സ് ഓഫീസിലെ കോടികൾ തങ്ങൾക്ക് ബാലികേറാമലയാണെന്ന അബദ്ധധാരണ സ്ത്രീകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

സ്ത്രീകളുടെ കഥപറഞ്ഞ് ബോക്സ് ഓഫീസ് ആദ്യം തകർത്ത ഇൻഡ്യൻ സിനിമ സ്ത്രീയായാണ്. സ്ത്രീ 2 അതിലും വലിയ ഹിറ്റായി. ശ്രദ്ധ കപൂർ പ്രധാന വേഷത്തിലെത്തിയ ചിത്രം നേടിയ 884 കോടിയാണ്. ലോക പരമ്പരപോലെ യക്ഷിക്കതയിലധിഷ്ഠിതമാണ് സ്ത്രീ പരമ്പരയും അമീർഖാൻ സപ്പോർട്ടിംഗ് ആക്ടറായും സൈറ വസീം നായകയായും വന്ന സീക്രട്ട് സൂപ്പർസ്റ്റാർ എന്ന ചിത്രം ബോക്സ് ഓഫീസിൽ നേടിയത് 900 കോടിയിലേറെയാണ്. ചിത്രത്തിന്റെ മുടക്ക് മുതലാകട്ടെ വെറും 15 കോടി മാത്രവും. ഇൻഡ്യൻ സിനിമാചരിത്രത്തിലെ ഇത്രയേറെ ലാഭം കൊയ്ത മറ്റൊരു സിനിമയില്ല. ദീപിക പദുകോൺ നായികയായ പത്മാവത് 361 കോടിയും കങ്കണ റണാവത്തിന്റെ തനു വെഡ്സ് മനു റിട്ടേൺസ് 200 കോടിയും ആലിയ ഭട്ടിന്റെ റാസി 160 കോടിയും വിദ്യാബാലന്റെ ദ ഡേർട്ടി പിക്ച്ചർ 100 കോടിയിലേറെയും നേടിയിട്ടുണ്ട്. കീർത്തി സുരേഷിന്റെ മഹാനടിയും നയൻതാരയുടെ കൊലമാവ് കോകിലയും അനുഷ്ക ഷെട്ടിയുടെ ഭാഗമതിയും അരുന്ധതിയുമൊക്കെ ബംപർ ഹിറ്റ് സിനിമകളാണ്. അങ്ങനെ സ്ത്രീകളുടെ കഥകളോട് മുഖം തിരിക്കാൻ ബോക്സ് ഓഫീസ് കണക്കുകൾ ഉദ്ധരിക്കുന്ന പ്രവണതയ്ക്ക് അവസാനമായി.

റിലീസായതിന്റെ 12-ാം ദിവസമാണ് ലോക 200 കോടി ക്ളബിൽ പ്രവേശിക്കുന്നത് 19-ാം ദിവസം 265.5 കോടി നേടിയ എമ്പുരാൻ, 240.5 കോടി നേടിയ മഞ്ഞുമ്മൽ ബോയ്സ് 234.5 കോടി നേടിയ തുടരും എന്നിവയെ കളക്ഷനിൽ പിന്നിലാക്കിക്കഴിഞ്ഞു. ഒ.റ്റി.പി. റിലീസ് ഉടനില്ല എന്ന അറിയിപ്പും വന്നിട്ടുണ്ട്. ആഗോളതലത്തിൽ ഇപ്പോൾ മൊത്തം കളക്ഷൻ 260 കോടിയാണ്. ഇൻഡ്യയിൽ നിന്നും മാത്രം 150 കോടി. കേരളത്തിൽ നിന്നു മാത്രം 100 കോടി ഗ്രോസ് കളക്ഷൻ നേടുന്ന രണ്ടാമത്തെ മലയാള ചിത്രവും ലോകയാണ്. ആദ്യ ചിത്രം തുടരും.



## പ്രിയപ്പെട്ട മമ്മൂക്ക വരുന്നു

ചെറിയൊരു ഇടവേളയ്ക്ക് ശേഷം പ്രേക്ഷകരുടെ പ്രിയപ്പെട്ട മമ്മൂക്ക വീണ്ടും സിനിമാതിരിക്കുകളിലേയ്ക്ക്. മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന 'പാട്രിയറ്റ്' എന്ന ചിത്രത്തിന് വേണ്ടി മമ്മൂക്കയുടെ രംഗങ്ങൾ ഒക്ടോബർ ഒന്നിന് ഹൈദരാബാദിൽ ചിത്രീകരിച്ചു. അവിടുത്തെ ഷൂട്ടിംഗ് പൂർത്തിയ്യാൽ കൊച്ചിയിലും ലണ്ടനിലുമായിരിക്കും അടുത്ത ഷൂട്ടിംഗ്. 17 വർഷങ്ങൾക്കു ശേഷം മോഹൻലാലും മമ്മൂട്ടിയും ഒരുമിച്ച് അഭിനയിക്കുന്ന എന്ന പ്രത്യേകതയും ചിത്രത്തിനുണ്ട്. ഫഹദ ഫാസിൽ, കുഞ്ചാക്കോ ബോബൻ, ഗ്രേസ് ആന്റണി എന്നിവരും ചിത്രത്തിലുണ്ട്. ശ്രീലങ്കയിലായിരുന്നു ആദ്യ ഷൂട്ടിംഗ്. ഷൂട്ടിംഗിനിടെയാണ് മമ്മൂട്ടി ചികിത്സയ്ക്കായി പോയത്. പിന്നീട് അദ്ദേഹം ചെന്നൈയിലെ വസതിയിൽ വിശ്രമത്തിലുമായിരുന്നു. ആഗസ്റ്റ് 19നാണ് അദ്ദേഹം പൂർണ്ണ ആരോഗ്യവാനായി എന്ന വാർത്ത എത്തിയത്.